**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3129** **14-02-2024 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല വിതരണം പൂർത്തിയാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കരവാളൂർ പഞ്ചായത്തിൽ ആറായിരത്തിലധികം ശുദ്ധജല പൈപ്പ് കണക്ഷനുകൾ ഇനിയും നൽകാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എത്ര സമയത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന അറിയിക്കുമോ; വിശദമാക്കാമോ; | (എ) | കരവാളൂർ പഞ്ചായത്തിൽ 3821 കണക്ഷനുകളാണ് ഇനി നൽകാനുള്ളത്. 2020 ലെ IMIS data പ്രകാരം കരവാളൂർ പഞ്ചായത്തിൽ 7118 ഭവനങ്ങളാണ് ഉണ്ടായിരുന്നത്. ജല ജീവൻ മിഷൻ ആരംഭിക്കുന്നതിനു മുമ്പ് ടി പഞ്ചായത്തിൽ 543 ഭവനങ്ങളിൽ കുടിവെള്ള കണക്ഷൻ ഉണ്ടായിരുന്നു. ജല ജീവൻ മിഷൻ തുടങ്ങിയതിനു ശേഷം നാളിതുവരെ കരവാളൂർ പഞ്ചായത്തിൽ 2754 കണക്ഷൻ നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തി പുരോഗമിച്ചു വരുകയാണ്. പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻസ്ഥാപിക്കാനുള്ള അനുമതി ഇനിയും ലഭ്യമാകാനുണ്ട്. അനുമതി ലഭ്യമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന മുറയ്ക്ക് കണക്ഷനുകൾ നൽകി ടി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. |
| (ബി) | വെഞ്ചേമ്പ് ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ചേറ്റുകുഴി വാർഡ് വരെ ശുദ്ധജലക്ഷാമം നേരിടുന്ന ഭാഗങ്ങളിൽ ശുദ്ധജല വിതരണം ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | വെഞ്ചേമ്പ് മുതൽ ചേറ്റുകുഴി വരെയുള്ള ഭാഗങ്ങളിൽ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) റോഡിന്റെ ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്. ടി റോഡ് ഡിഫക്ട് ലൈബിലിറ്റി പീരിയഡിലായതിനാൽ (DLP) നാളിതുവരെയും പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. KRFB-യിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പ് ലൈനുകൾ സ്ഥാപിച്ച്, പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാനും, ജലക്ഷാമം പരിഹരിക്കുവാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ